TB Movie Panel Review

The Great Indian Kitchen

Written By: റിനു കെ ജോർജ്ജ്

ജിയോ ബേബി രചനയും സംവിധാനവും നിർവഹിച്ച "The Great Indian kitchen (മഹത്തായ ഭാരതീയ അടുക്കള ) നീ സ്ട്രീം എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് റിലീസ് ചെയ്തിരുന്നത്. സയൻസിന് നന്ദി പറഞ്ഞു കൊണ്ട് ആരംഭിക്കുന്നിടത്തു നിന്നു തന്നെ അതിന്റെ ആശയത്തിലെ പുരോഗമന മുഖം കാട്ടുന്നു സിനിമ.
വിവാഹശേഷം ഭർത്താവിന്റെ വീട്ടിൽ എത്തുന്ന നിമിഷാ സജയൻ അവതരിപ്പിക്കുന്ന നായികാ കഥാപാത്രത്തിന്റെ, തന്റെ വീട്ടിൽ നിന്ന് വ്യത്യസ്തമായ ഭർതൃവീട്ടിലെ അടുക്കളയിലെ സംഘർഷങ്ങളാണ് സിനിമ. വർഷങ്ങളായി ആ അടുക്കളയിൽ പണിയെടുത്തിരുന്ന അമ്മായിഅമ്മ, ഗർഭിണിയായ സ്വന്തം മകളെ ശുശ്രൂഷിക്കാൻ പോകുന്നതോടെ അടുക്കള നായികയുടെ ബാധ്യത ആകുന്നു.

ഭൂരിഭാഗം വീടുകളിലെ അടുക്കളയിലെയും ജോലികൾ സ്ത്രീകളുടേതാണെങ്കിലും അവിടെ പാകം ചെയ്യപ്പെടുന്നത് പുരുഷന്റെ താല്പര്യങ്ങളാണ്. മനുഷ്യന്റെ അധ്വാനം ലഘൂകരിക്കാനാണ് കുക്കറും, മിക്സിയും വാഷിംഗ് മെഷീനും തുടങ്ങിയ പുതിയ സാങ്കേതിക വിദ്യകൾ എങ്കിലും അമ്മിയിൽ അരച്ച ചമ്മന്തിയും അടുപ്പിൽ വേവിച്ച ചോറും കല്ലിൽ അലക്കിയ തുണിയുമാണ് പുരുഷന്റെ ഇഷ്ടം.
സന്മനസ്സ് പ്രദർഷിപ്പിക്കാൻ പുറത്തു വരുന്ന പുരുഷ ഔദാര്യങ്ങളേയും പരിഹസിക്കുന്നുണ്ട് സിനിമ. "മോള് അമ്മിയിൽ ഒന്നും അരക്കണ്ട ", "നിന്നെ ജോലിക്ക് വിടില്ല എന്ന് ഞാൻ പറഞ്ഞോ, ഇപ്പോൾ പോകേണ്ട " തുടങ്ങിയ സംഭാഷണങ്ങൾ ഉദാഹരണങ്ങളാണ്. കാലമെത്ര കഴിഞ്ഞിട്ടും ആർത്തവം അശുദ്ധിയായി കരുതുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള മുൻതലമുറയും ആ ധാരണയെ വലിയ ഉടവുകൾ ഒന്നുമില്ലാതെ കൈയേൽക്കുന്ന പുതു തലമുറ പുരുഷനും സിനിമയിൽ ഉണ്ട്.
നായികയുടെ ആർത്തവസമയത്ത് വീട്ട് പണിക്ക് വരുന്ന സ്ത്രീയെക്കൊണ്ട് താൻ ആ സമയത്തും അടുക്കളപ്പണിക്ക് പോകും എന്ന് പറയിപ്പിക്കുന്നതിലൂടെ വിശ്വാസങ്ങളിലെ പൊള്ളത്തരങ്ങൾ തുറന്നു പറയുന്നു രചയിതാവ് കൂടിയായ സംവിധായകൻ.

സിനിമയുടെ ഭൂരിഭാഗം ദൃശ്യങ്ങളും അടുക്കളയിലാണ്. ഒരേ സമയം നായികയ്ക്ക് ആ അടുക്കളയിലെ തളച്ചിടൽ ഉണ്ടാക്കുന്ന മടുപ്പ് പ്രേക്ഷകന് അനുഭവവേദ്യമാക്കണം, പക്ഷേ പ്രേക്ഷകന് കാഴ്ചകൾ മടുക്കുകയും അരുത്. ശ്രമകരമായ ഈ ദൗത്യത്തിൽ ഛായാഗ്രാഹകൻ സാലു കെ തോമസ് വിജയിച്ചിരിക്കുന്നു. ഫ്രാൻസിസ് ലൂയിസിന്റെ എഡിറ്റിംഗും മികച്ചതാണ്. സിനിമയുടെ സൗണ്ട് ഡിസൈനും അഭിനന്ദനം

അർഹിക്കുന്നു.

സുരാജ് വെഞ്ഞാറമൂടും നിമിഷാ സജയനും ഒരിക്കൽ പോലും സ്ക്രീനിൽ തങ്ങളെ കാണാൻ അനുവദിക്കാതെ കഥാപാത്രങ്ങളായി തന്നെ പെരുമാറി. സിനിമയിലെ ഓരോ കഥാപാത്രങ്ങളും അങ്ങനെ തന്നെ.

കുഞ്ഞു ദൈവം എന്ന മികച്ച സിനിമ ഒരുക്കിയ ജിയോ ബേബിയുടെ അതിനേക്കാൾ മുകളിൽ നിൽക്കുന്ന ശ്രമമാണ് ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ.പുതിയതൊന്നുമല്ല പറഞ്ഞതെങ്കിലും പറഞ്ഞ രീതിയ്ക്ക് പുതുമയുണ്ട്. തിയറ്ററിൽ എത്തിയാൽ അത്ര ചലനം ഉണ്ടാക്കാൻ ഉള്ള ഘടകങ്ങൾ കുറഞ്ഞ സിനിമ, ഒ ടി ടി പ്ലാറ്റഫോമിലൂടെ അതർഹിക്കുന്ന കാഴ്ച്ചക്കാരിലേക്ക് എത്തുന്നു എന്നതും പുതിയ കാലത്തിന്റെ വിജയമാണ്.

സിനിമയുടെ അവസാനമുള്ള നായികയുടെ കയ്യടി അവൾക്ക് വേണ്ടി മാത്രമുള്ളതല്ല. ഈ സിനിമയ്ക്ക് കൂടിയുള്ളതാണ്